# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4088 27.06.2012 -ൽ മറുപടിക്ക്

## ഇ.എസ്.ഐ. ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.റ്റി. ബൽറാം<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. എം.പി. വിൻസന്റ് | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) തൊഴിലാളികളുടെ ഇ.എസ്.ഐ. ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിനായി സംസ്ഥാനത്തൊട്ടാകെ 137 ഇ.എസ്.ഐ. ഡിസ്പെൻസറികളും 9 ഇ.എസ്.ഐ.ആശുപത്രികളും പ്രവർത്തിക്കുന്നുണ്ട്. ഇ.എസ്.ഐ. സ്ഥാപനങ്ങളിൽ ലഭ്യമല്ലാത്ത ചികിത്സയ്ക്കായി നിരവധി സ്വകാര്യ /ഗവൺമെന്റ് സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ട്. ഇ.എസ്.ഐ. ഗുണഭോക്താക്കളിൽ തങ്ങൾക്കുള്ള ആനുകൂല്യങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനായി ശില്പശാലകൾ സംഘടിപ്പിച്ച് വരുന്നു. |
| (ബി) ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭിക്കുന്ന തൊഴിലാളികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (ബി) സാധിച്ചിട്ടുണ്ട്. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡിപ്പാർട്ട്മെന്റ് രൂപീകരിച്ച 1985 – ൽ കേവലം മൂന്ന് ലക്ഷത്തോളം തൊഴിലാളികൾ മാത്രമായിരുന്നു രജിസ്റ്റർ ചെയ്തിരുന്നത്. ഇപ്പോൾ അത് ഏകദേശം ആറര ലക്ഷത്തിൽ എത്തി നിൽക്കുന്നു. |
| (സി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ? | (സി) സ്വകാര്യ ആശുപത്രികൾ, സ്വകാര്യ സ്കൂളുകൾ എന്നിവയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളെ ഇ.എസ്.ഐ. നിയമത്തിന്റെ പരിധിയിൽ കൊണ്ട് വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ